കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

13*(673) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. വി. പത്മനാഭൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(ബി) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവത്ക്കരണത്തിനുമായി പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വ്യാജ കൈത്തറി സഹകരണ സംഘങ്ങൾ കണ്ടെത്തി അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട് ;

(ഇ) ഹാൻഡെക്സ് , ഹാൻവീവ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; ഇവയുടെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നൽകിവരുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. ഇതര വസ്ത്രോല്പന്ന മേഖലയിലെ ഉല്പന്നങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ ആകർഷണീയതയും കാലാനുസൃതവുമുള്ള ഉല്പന്നങ്ങൾ കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കണമെങ്കിൽ മികച്ച പരിശീലനവും കാലഘട്ടത്തിനനുസരിച്ചുള്ള ഉല്പാദനോപാധികളും, രീതികളും ഡിസൈനുകളും മാറ്റുക എന്നതും അത്യാന്താപേക്ഷിതമാണ്. ഇതിനായി വിവിധതരം പരിശീലന പദ്ധതികൾ കൈത്തറി സഹകരണസംഘങ്ങൾ കേന്ദ്രീകരിച്ച് ആവിഷ്കരിച്ചിട്ടുണ്ട്. ഈ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് നെയ്ത്തു തൊഴിലാളികളെ പ്രേരിപ്പിക്കുന്നതിനായി അവരുടെ വേതനത്തോട് അടുത്തുനിൽക്കുന്ന തുക സ്റ്റൈപ്പന്റായി നൽകിക്കൊണ്ടാണ് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത്. ഇത്തരം പരിശീലനത്തിലൂടെ വൈവിദ്ധ്യമേറിയ ഉല്പന്നങ്ങൾ ജക്കാർഡ്, ഡോബി എന്നീ ഉപകരണങ്ങളുടെ സഹായത്തോടെ നെയ്യുന്നതിന് നെയ്ത്തുകാരെ പ്രാപ്തരാക്കുന്നു. ഇതുവഴി പരമ്പരാഗത ഉല്പന്നങ്ങൾ നെയ്യാൻ മാത്രം പ്രാപ്തിയുണ്ടായിരുന്ന നെയ്ത്തുകാർക്ക് വൈവിദ്ധ്യമേറിയ ഉല്പന്നങ്ങൾ നിർമ്മിക്കാനും അതുവഴി കൂടുതൽ വേതനം നേടാനും സാഹചര്യം സൃഷ്ടിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ തറികളിൽ വഴുവായ ഉപകരണങ്ങൾ(Take up-Let off motion) ഘടിപ്പിക്കുന്നതിന് 100% ഗ്രാന്റ് ആയി ധനസഹായം നൽകുന്നു. ഈ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതുവഴി ഉല്പാദനം വർദ്ധിക്കുകയും നെയ്ത്തു ജോലിയുടെ ആയാസം കുറയുകയും ചെയ്യുന്നു. ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തി ഡിസൈൻ വികസിപ്പിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും കൈത്തറി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറും സോഫ്റ്റ്വെയറും സൗജന്യമായി നൽകാനും പദ്ധതിയുണ്ട്. കൈത്തറി മേഖലയിലെ പ്രീലൂം പ്രോസസ്സിങ്ങിൽ (വാർപ്പിംഗ്, വൈൻഡിംഗ്, സൈസിംഗ്, ഡൈയിംഗ്) ഭാഗിക യന്ത്രവൽക്കരണം നടത്തുന്നതിനും 80 ശതമാനം ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ജീവനക്കാർക്കായി മാനേജുമെന്റ് ട്രെയിനിംഗും നൽകിവരുന്നുണ്ട്.

(സി) വ്യാജ കൈത്തറി സഹകരണ സംഘങ്ങളെ കണ്ടെത്താനും അവയ്ക്കെതിരെ നടപടി സ്വീകരിക്കാനുംവേണ്ടി കൈത്തറി വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവിധ ടീമുകളെ നിയോഗിച്ചിരുന്നു. പക്ഷെ ഇവരുടെ പരിശോധനയ്ക്കെതിരെ പല കൈത്തറി സംഘങ്ങൾ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയിരിക്കുന്നതിനാൽ പരിശോധന നിർത്തിവച്ചിരിക്കയാണ്. സ്റ്റേ ഒഴിവാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ഉത്സവ സീസണുകളോടനുബന്ധിച്ച് വർഷത്തിൽ 56 ദിവസത്തെ റിബേറ്റ് നൽകിവരുന്നു. കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിഷു, ഓണം, റംസാൻ, ക്രിസ്തുമസ് സീസണുകളിൽ സംസ്ഥാനത്തെ പ്രമുഖ കേന്ദ്രങ്ങളിൽ വിപണന പ്രദർശന മേളകൾ സംഘടിപ്പിക്കുന്നു. പല ജില്ലകളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ സഹായത്തോടെ പ്രദർശന മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഓരോ കൈത്തറി സംഘത്തിനും അവർ പങ്കെടുക്കുന്ന ഓരോ പ്രദർശനത്തിനും 5000 രൂപ വരെ ഗ്രാന്റിന് അർഹതയുണ്ട്. ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് ഇത് 25,000 രൂപ വരെ ലഭിക്കും. ഹാന്റക്സ്/ഹാൻവീവ് എന്നിവയ്ക്ക് ഡൽഹിയിലെ IITF -ൽ പങ്കെടുക്കാൻ ധനസഹായം നൽകിവരുന്നുണ്ട്. ഈ വർഷം മുംബൈയിലെ Heimtextiles India, IITF, New Delhi, Texstiles India, New Delhi എന്നിവയിൽ കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ് പങ്കെടുക്കുന്നുണ്ട്. വകുപ്പിന്റെ സ്റ്റാളിൽ കൈത്തറി സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

(ഇ) ഹാൻടെക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനം RIAB തലത്തിൽ നിശ്ചിത ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. ഹാൻടെക്സ്, ഹാൻവീവ് എന്നിവയെ നവീകരിക്കാനും ശക്തിപ്പെടുത്താനും എല്ലാ വർഷവും ബഡ്ജറ്റിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 500 ലക്ഷം രൂപയും ഹാൻടെക്സ്. ഹാൻവീവ് എന്നിവയ്ക്ക് സർക്കാർ ഓഹരി പങ്കാളിത്തം നൽകാനായി യഥാക്രമം 600 ലക്ഷം രൂപയും 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 50% ധനസഹായത്തോടെ ഹാന്റക്സിനേയും ഹാൻവീവിനേയും HIDS പദ്ധതി പ്രകാരം പുനരുദ്ധരിക്കാൻ കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷത്തെ ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി ധനസഹായം നൽകാൻ ടോക്കൺ തുകയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹോൾട്ടിക്സ്, ഹാൻവീവ് എന്നിവയുടെ സർക്കാർ വായ്പ ഷെയറാക്കി മാറ്റുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. ഹോൾട്ടിക്സിന്റെ സഞ്ചിതനഷ്ടം 2007-08-ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 114.50 കോടി രൂപയാണ് ഹാൻവീവിന്റെ 31-3-2010-വരെയുള്ള (Provisional) സഞ്ചിത നഷ്ടം 40.53 കോടി രൂപയാണ്.

മാലിന്യ നിർമ്മാർജ്ജന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

14 (*674) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മാലിന്യ സ്രോതസ്സുകൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കാറുണ്ടോ ; കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പെരിയാറിനെ മാലിന്യ വിമുക്തമാക്കുന്നതിനായി ആവിഷ്കരിച്ച പെരിയാർ റിവർ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) നദീജല ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) പൊതു മാലിന്യ സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി നിലവിലുള്ള സംവിധാനങ്ങൾ താഴെപ്പറയുന്നവയാണ്. (1) ഇമേജ് പാലക്കാട് :- ഐ.എം.എ.യുടെ (ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ) ആഭിമുഖ്യത്തിൽ പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തിയിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി പ്രവർത്തിക്കുന്ന IMAGE (Indian Medical Association gocs ccofriendly) എന്ന പൊതു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(2) അമ്പലമേടുള്ള ഹോസ്പിറ്റൽ വേസ്റ്റ് പ്ലാന്റ് ഫിൽ സംവിധാനം വഴി അപകടകരമായ പാഴ് വസ്തുക്കളുടെ പൊതുസംഭരണ സംസ്ക്കരണ നിർമ്മാർജ്ജനം എറണാകുളം ജില്ലയിലെ അമ്പലമേട്ടിൽ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly